"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- പാലക്കാട് ജില്ല-കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തിലെ വിജിലൻസ് വകുപ്പിന്റെ പ്രാഥമികാന്വേഷണ റിപ്പോർട്ട് - ഓവർസിയർ ഗ്രേഡ്-2 ശ്രീ.മനോജ് കെ.കെ. (PEN:683819)-യ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.525/2026/LSGD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 27-06-2023-ലെ E12-(PE-6/2022/PKD)21494/2021/DVACB നമ്പർ കത്ത്.
2. വിജിലൻസ് വകുപ്പിന്റെ 21.07.2023-ലെ VIGI-E5/153/2023/VIGI നമ്പർ കത്ത്.
3. 07-10-2023-ലെ 275/EWA3/2023/തസ്വഭവ നമ്പർ കുറ്റപത്രം /കുറ്റാരോപണ പത്രിക.
4. 22.12.23-ൽ ഓവർസിയർ ശ്രീ.മനോജ്.കെ.കെ സമർപ്പിച്ച പ്രതിവാദപത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23-07-2025 ലെ LSGD/PD/67211/2023-VIGD1 നമ്പർ അഭിപ്രായക്കുറിപ്പ്.

**ഉത്തരവ്**

പാലക്കാട് ജില്ല കണ്ണമ്പ്ര-II വില്ലേജിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ലംഘിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയെന്ന ആരോപണത്തിന്മേൽ വിജിലൻസ് പാലക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിയ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ പരാമർശം 1, 2 പ്രകാരം സർക്കാരിന് റിപ്പോർട്ട് ചെയ്തിരുന്നു. ഒന്നാമത്തെ ക്രമക്കേട് ചുവടെ ചേർക്കുന്നു:

ശ്രീ. കുഞ്ഞുമോൻ @ മുഹമ്മദ് ഇസ്മയിൽ, ശ്രീ. മുഹമ്മദ് റഫീക്ക് എന്നിവർ കണ്ണമ്പ്ര-II വില്ലേജിലെ സർവ്വെ നമ്പർ 187/2 സ്ഥലത്ത് KLU വ്യവസ്ഥകൾക്ക് വിരുദ്ധമായും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ലംഘിച്ചും നിയമാനുസരണമുള്ള കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെയും നിർമ്മിച്ച കെട്ടിടം ക്രമപ്പെടുത്തുന്നതിന് നൽകിയ അപേക്ഷ നിരസിക്കേണ്ടതിനും നിയമ വിരുദ്ധമായി പണിത കെട്ടിടം പൊളിച്ചു നീക്കുവാൻ കേരളാ പഞ്ചായത്ത് ബിൽഡിംഗ് റൂൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതിനും പകരം ടി നിർമ്മാണം ക്രമപ്പെടുത്തി, കെട്ടിടനമ്പർ അനുവദിച്ചതായി വിജിലൻസ് കണ്ടെത്തിയിരുന്നു.

ആകയാൽ ടി ക്രമക്കേടിന് ഉത്തരവാദിയായ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് ഓവർസിയർ ഗ്രേഡ്-2 ശ്രീ.മനോജ് കെ.കെ. (PEN:683819)-യ്ക്കെതിരെ KCS (CC&A) Rule 16 പ്രകാരം പരാമർശ കുറ്റപത്രം നല്കി അച്ചടക്കനടപടി ആരംഭിച്ചു.

2. ഓവർസിയർ ഗ്രേഡ്-2 ശ്രീ.മനോജ് കെ.കെ. പരാമർശം 4 പ്രകാരം സമർപ്പിച്ച എതിർവാദപത്രികയിൽ ടിയാൻ 17/5/2010-ൽ പാലക്കാട് കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ ചാർജെടുത്ത് ഏകദേശം ഒരാഴ്ച തികയുന്നതിനു മുമ്പായി 21/05/2010-ൽ ശ്രീ കുഞ്ഞുമോൻ എന്ന മുഹമ്മദ് ഇസ്മായിലും ശ്രീ. മുഹമ്മദ് റഫീക്, കാരയങ്കാട്-ഉം ചേർന്ന് ടിയാളുടെ കണ്ണമ്പ്ര വില്ലേജിലെ ബ്ലോക്ക് നമ്പർ 44-ൽ സർവ്വേ നമ്പർ 187/2-ൽ 17.35 m2 വിസ്തൃതിയുള്ള ഒരു ഷെഡ് നിർമ്മിക്കുന്നതിനായി പെർമിറ്റിനുവേണ്ടി സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായിയെന്നും അപേക്ഷയോടൊപ്പം ടിയാളുകൾ പ്ലാൻ, ആധാരപകർപ്പുകൾ, കൈവശ സർട്ടിഫിക്കറ്റ്, കരമടച്ച രസീത് കൂടാതെ പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 22/05/2007-ലെ ഭൂമി പരിവർത്തനം ചെയ്യുന്നതിനായി നൽകിയ പരിവർത്തനാനുമതി എന്നിവ ഹാജരാക്കിയിരുന്നുവെന്നും പ്രസ്തുത അപേക്ഷ സെക്രട്ടറി പരിശോധിച്ചതിനു ശേഷം പഞ്ചായത്ത് അസി.എഞ്ചിനീയർ മുഖാന്തരം ഓവർസിയർ സാങ്കേതിക പരിശോധനയ്ക്കായി ലഭ്യമാക്കിയെന്നും പ്രസ്തുത അപേക്ഷയും അതോടൊന്നിച്ച് സമർപ്പിച്ച രേഖകളും പരിശോധിച്ച ശേഷം ചെക്ക് ലിസ്റ്റ് ഉള്ളടക്കം ചെയ്ത് പ്രസ്തുത അപേക്ഷ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചുവെന്നും പ്രസ്തുത ചെക്ക് ലിസ്റ്റിൽ ഉദ്ദേശിക്കുന്ന നിർമ്മാണം നോൺ-റെസിഡൻഷ്യൽ ആണെന്നും ഭൂമിയുടെ തരം നിലമാണെന്നും കൂടാതെ പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഭൂമി തരം മാറ്റൽ ഉത്തരവ് സമർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിരുന്നു എന്നും ബാക്കി നടപടിക്രമങ്ങൾ പഞ്ചായത്ത് സെക്രട്ടറിയാണ് സ്വീകരിച്ചതെന്നും ടിയാൻ യാതൊരു നിയമവിരുദ്ധ കാര്യങ്ങളും ചെയ്തിട്ടില്ല എന്നും പഞ്ചായത്തിൽ മൂന്നാംതരം ഓവർസിയറായിരുന്ന ടിയാനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചുകൊണ്ടുള്ള പരിശോധന മാത്രമാണ് ചെയ്തതെന്നും പരിശോധിച്ച് അപാകതയൊന്നും കാണാത്തതിനാലാണ് ഫയൽ മേൽ നടപടികൾക്കായി അസി.എഞ്ചിനീയർ മുഖേന പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ചതെന്നും അറിയിച്ചിരുന്നു.

3. പരാമർശം 5 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രതിവാദപത്രികയിന്മേൽ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ കണ്ണമ്പ്ര 2 വില്ലേജിൽ ബ്ലോക്ക് നമ്പർ 44-ൽ ശ്രീ.കുഞ്ഞുമോൻ@മുഹമ്മദ് ഇസ്മയിൽ, ശ്രീ.മുഹമ്മദ് റഫീക്ക് എന്നിവരുടെ ഉടമസ്ഥതയിലുള്ള 187/2 റീ-സർവ്വേ നമ്പർ ഭൂമി കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് 24/03/2012-ൽ പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിന്റെ റിമാർക്സിൽ 2005-ൽ പരിവർത്തനം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും 5 സെന്റിന് കെ.എൽ.യു. ഉള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതായും (ഡാറ്റാ ബാങ്ക് ക്രമ നം.1809 പേജ് നം.99) പ്രസ്തുത സർവ്വേ നമ്പറിൽ ഉൾപ്പെട്ട 5 സെന്റ് ഭൂമിക്ക് പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 22/05/2007-ലെ 1140/05 നമ്പർ നടപടിക്രമം അനുസരിച്ച് വാസഗൃഹ നിർമ്മാണത്തിന് നിലം പരിവർത്തനാനുമതി ലഭിച്ചിട്ടുള്ളതാണെന്നും മേൽപറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിവർത്തനാനുമതി നടത്തിയ സ്ഥലത്ത് 87.35 ച.മീ വിസ്തൃതിയിൽ ഗൊഡൗൺ നിർമ്മിക്കുന്നതിന് കെട്ടിടനിർമ്മാണപെർമിറ്റ് ലഭ്യമാക്കുന്നതിനാണ് 21/05/2010-ൽ ശ്രീ.കുഞ്ഞുമോൻ എന്ന

മുഹമ്മദ് ഇസ്മയിൽ, ശ്രീ.മുഹമ്മദ് റഫീക്ക് സമർപ്പിച്ച അപേക്ഷയോടൊപ്പം ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിൽ വാസഗൃഹ നിർമ്മാണത്തിന് നിലം പരിവർത്തനാനുമതി നൽകിയിട്ടുള്ളതെന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ വാസഗൃഹം/വീട് നിർമ്മാണത്തിനല്ല ശ്രീ.കുഞ്ഞുമോൻ എന്ന മുഹമ്മദ് ഇസ്മയിൽ, ശ്രീ.മുഹമ്മദ് റഫീക്ക് എന്നിവർ അപേക്ഷ സമർപ്പിച്ചതെന്നും ആയത് കൃത്യമായി പരിശോധിക്കാതെയാണ് പെർമിറ്റ് ലഭ്യമാക്കിയിട്ടുള്ളതെന്നും 21/05/2010-ൽ സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം ഓവർസീയർ ശ്രീ.മനോജ്.കെ.കെ Plan as per KMBR file submitted for further necessary steps എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ ടി കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളതായി കാണുന്നില്ലയെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും ഓവർസീയർ ശ്രീ.മനോജ് കെ.കെ. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 22/05/2007-ലെ 1140/05 നമ്പർ നടപടിക്രമം കൃത്യമായി പരിശോധിക്കാതെയാണ് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും ഓവർസീയർ ശ്രീ.മനോജ് കെ.കെ പുതിയതായി ജോലിയിൽ പ്രവേശിച്ച വ്യക്തി എന്നത് ഒരു കാരണമായി പറയുന്നുണ്ടെങ്കിലും ടിയാന്റെ മേലുദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും സെക്രട്ടറിയും ഈ വിഷയം പരിശോധിക്കാതെയാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്നും 31/07/2018-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 45489/2024/ആർഎ1/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്ത കുടുംബത്തിന് മാത്രം ഇപ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി നൽകേണ്ടതും, ആയതിന് 300 സ്ക്വയർ-മീറ്ററിലധികം വിസ്തീർണ്ണം ഉണ്ടാകാൻ പാടില്ലാത്തതുമാണ് എന്നും ഇത്തരത്തിൽ അനുമതി നൽകുന്നതിനുവേണ്ടിനുള്ള പരിശോധനയിൽ മുമ്പെങ്കിലും നികത്തപ്പെട്ടതും വൃക്ഷങ്ങളും മറ്റും വളർന്ന് നിൽക്കുന്ന സ്ഥലത്തുമായിരിക്കണം അനുമതി നൽകേണ്ടതെന്ന് കമ്മിറ്റിയുടെ പരിശോധനയിൽ ഉറപ്പുവരുത്തേണ്ടതുമാണ് എന്നതാണ് 2008-ലെ കേരള തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന വ്യവസ്ഥയെന്നും ടി സാഹചര്യത്തിൽ ഗോഡൗൺ കെട്ടിടം ക്രമവൽക്കരിച്ച് നൽകിയ നടപടി ക്രമരഹിതമാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

4. വിജിലൻസ് റിപ്പോർട്ട്, ഓവർസിയർ ഗ്രേഡ്-2 ശ്രീ.മനോജ് കെ.കെ സമർപ്പിച്ച പ്രതിവാദ പത്രിക, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെൽവയൽ-തണ്ണീർത്തട സംരക്ഷണനിയമം ലംഘിച്ചും നിയമാനുസരണമുള്ള കെട്ടിട നിർമ്മാണ പെർമിറ്റില്ലാതെയും നിയമ വിരുദ്ധമായി പണിതകെട്ടിടം പൊളിച്ചുനീക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതിനു പകരം ടി നിർമ്മാണം ക്രമപ്പെടുത്തുന്നതിനും കെട്ടിട നമ്പർ അനുവദിക്കുന്നതിനും ശിപാർശ ചെയ്തുവെന്ന ഓവർസിയർ ശ്രീ.മനോജ് കെ.കെ.-യ്ക്കെതിരായ കുറ്റാരോപണം നിലനില്ക്കുന്നതായി ബോധ്യപ്പെടുന്നു. ഗോഡൗൺ നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റ് ലഭ്യമാക്കുന്നതിനാണ് 21/05/2010-ൽ അപേക്ഷ സമർപ്പിച്ചതെന്നും അപേക്ഷയോടൊപ്പം ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിൽ വാസഗൃഹ നിർമ്മാണത്തിനായി നിലം പരിവർത്തനാനുമതി നൽകിയിട്ടുള്ളതെന്ന് കൃത്യമായി

രേഖപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ വാസഗൃഹം/വീട് നിർമ്മാണത്തിനല്ല അപേക്ഷ സമർപ്പിച്ചതെന്നും ആയത് കൃത്യമായി പരിശോധിക്കാതെയാണ് പെർമിറ്റ് നൽകുവാൻ ഓവർസീയർ ഗ്രേഡ്-2 ശ്രീ.മനോജ് കെ.കെ. ചെയ്തിട്ടുള്ളതെന്നും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പാലക്കാട് റവന്യൂ ഡിവിഷണൽ ഓഫീസറുടെ 22/05/2007 ലെ 1140/05 നമ്പർ നടപടിക്രമം കൃത്യമായി പരിശോധിക്കാതെയാണ് റിപ്പോർട്ട് ഓവർസീയർ ഗ്രേഡ്-2 ശ്രീ.മനോജ് കെ.കെ. റിപ്പോർട്ട് നൽകിയിട്ടുള്ളതെന്നും ഗോഡൗൺ കെട്ടിടം ക്രമവൽക്കരിച്ച് നൽകിയ നടപടി ക്രമരഹിതമാണെന്നുമുള്ള തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം അംഗീകരിക്കുന്നു.

5. മേൽ വ്യക്തമാക്കിയ വസ്തുതകളുടെയും കാരണങ്ങളുടെയും അടിസ്ഥാനത്തിൽ, പാലക്കാട് ജില്ല കണ്ണമ്പ്ര-II വില്ലേജിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ലംഘിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയെന്ന ആരോപണത്തിന്മേൽ വിജിലൻസ് നടത്തിയ പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടിന് ഉത്തരവാദിയായ **ഓവർസിയർ ഗ്രേഡ്-2 ശ്രീ.മനോജ് കെ.കെ.-യ്ക്കെതിരെ KCS (CC&A) Rules 1960-യിലെ Rule 16 പ്രകാരം ആരംഭിച്ച അച്ചടക്കനടപടിയിൽ, ടിയാൾ കുറക്കാരനാണെന്നു ബോധ്യപ്പെടുന്നതിനാൽ, അതേ ചട്ടങ്ങളിലെ ചട്ടം 11 (1) (iii) പ്രകാരം ഓവർസിയർ ശ്രീ.മനോജ് കെ.കെ. (PEN:683819)-യുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേയ്ക്ക് താത്ക്കാലികമായി തടയുക എന്ന ശിക്ഷ നല്കി** അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C M AJAYA MOHAN
സ്പെഷ്യൽ സെക്രട്ടറി

1) ശ്രീ.മനോജ് കെ.കെ.(PEN:683819), ഓവർസിയർ ഗ്രേഡ്-2, എരിമയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
2) പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം.**(ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടി സ്വീകരിയ്ക്കാനായി)**
3) തദ്ദേശ സ്വയംഭരണ (EPB) വകുപ്പ്
4) വിജിലൻസ് (ഇ) വകുപ്പ്
5) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
7) വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8) കരുതൽ ഫയൽ /ഓഫിസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 28-02-2026 16:55:51

സെക്ഷൻ ഓഫീസർ